# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3127** 13.03.2017 ൽ മറുപടിയ്ക്ക്

## പച്ചക്കറി ഉത്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം.സ്വരാജ് | ശ്രീ. വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് പച്ചക്കറി ഉത്പാദനം കൂട്ടുന്നതിലേക്കായി ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് അറിയിക്കുമോ; | എ) സംസ്ഥാനത്ത് പച്ചക്കറി ഉല്പാദനം കൂട്ടുന്നതിനായി 'സമഗ്ര പച്ചക്കറി വികസന പദ്ധതി' നടപ്പിലാക്കി വരുന്നു. പദ്ധതി പ്രകാരം 2016-17 വർഷത്തിൽ 7430/- ലക്ഷം രൂപ പച്ചക്കറി വികസനത്തിനായി അനുവദിച്ചിട്ടുണ്ട്. ഇതുവരെ വിവിധ ഘടകങ്ങളിലായി 4216.26404/- ലക്ഷം രൂപ ചിലവഴിച്ചു 16985.59340 ഹെക്ടർ സ്ഥലത്ത് ഇതുവരെ പച്ചക്കറി കൃഷി ചെയ്യാനും 164623.998 മെട്രിക് ടൺ ഉല്പാദിപ്പിക്കാനും കഴിഞ്ഞു. പച്ചക്കറി വികസന പദ്ധതി പ്രകാരമുള്ള പ്രധാന പദ്ധതികളായ വീട്ടുവളപ്പിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുക, മട്ടുപ്പാവ് കൃഷി പ്രോത്സാഹനം, വിദ്യാഭ്യാസ സ്ഥാപനങ്ങൾ വഴി പച്ചക്കറി കൃഷി, പ്രോത്സാഹനം, ഗുണമേന്മയുള്ള തൈകളുടെയും വിത്തുകളുടെയും വിതരണം, ജില്ലാ ക്ലസ്റ്റർ വികസനം, മികച്ച കർഷകർക്ക് അവാർഡ് നൽകി പ്രോത്സാഹിപ്പിക്കൽ, സൂക്ഷ്മ മൂലകങ്ങളുടെ പ്രദർശനം, 'എ' ഗ്രേഡ് ക്ലസ്റ്റർ പ്രോത്സാഹനം, ബ്ലോക്ക് തല ഫെഡറേറ്റഡ് സമിതികൾ, ബ്ലോക്ക് തല നഴ്സറികളുടെ വികസനം, മഴ മറകൾ സ്ഥാപിക്കൽ, സങ്കര വർഗ്ഗ വിളകളുടെ പരീക്ഷണത്തോട്ടങ്ങൾക്ക് ധനസഹായം നൽകൽ സൂക്ഷ്മ ജലസേചനവും, ജലസേചനം വഴിയുള്ള വള പ്രയോഗവും, തരിശു നില കൃഷി, മാധ്യമങ്ങളും എൻ. ജി. ഒ കളും വഴിയുള്ള വിത്തുവിതരണം, കേരള കാർഷിക സർവ്വകലാശാലയുടെ സേഫ്-ടു-ഈറ്റ് പ്രോജക്ട്, സ്റ്റാഗേർഡ് ക്ലസ്റ്ററുകൾക്ക് സഹായം എന്നിവ നടപ്പിലാക്കി വരുന്നു. ഓണക്കാലത്ത് പച്ചക്കറി ലഭ്യത ഉറപ്പു വരുത്തുന്നതിനും ഓണം മാർക്കറ്റുകൾ സുഗമമായി പ്രവർത്തിക്കുന്നതിനുമായി 'ഓണസമൃദ്ധി' എന്ന പദ്ധതി നടപ്പിലാക്കിയതു വഴി |

ഓണക്കാലത്ത് അധിക ഉല്പാദനം ഉറപ്പ വരുത്തുന്നതിനും അതുവഴി പച്ചക്കറി വില പിടിച്ചു നിർത്തുന്നതിനും കഴിഞ്ഞു. കൂടാതെ വി.എഫ്.പി.സി.കെ വഴി പാർട്ടിസിപ്പേറ്ററി ഗ്യാരന്റി സ്കീം മുഖേനയുള്ള ജൈവപച്ചക്കറി കൃഷി രീതികൾ പ്രോത്സാഹിപ്പിക്കുകയും, പച്ചക്കറി, വാഴ എന്നിവയ്ക്കുള്ള ഇൻഷുറൻസ് പരിരക്ഷ സബ്സിഡിയോടു കൂടി നടപ്പിലാക്കുകയും പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന വിളനാശത്തിന് നഷ്ടപരിഹാരം നല്കുകയും, വായ്പാ തിരിച്ചടവ് ഉറപ്പാക്കുന്നതിനായി 2% പലിശ സബ്സിഡി അനുവദിക്കുകയും, പച്ചക്കറി കൃഷിയിൽ വ്യാപനവും നൂതന സാങ്കേതിക വിദ്യയും പ്രചരിപ്പിക്കുകയും പ്രവർത്തനങ്ങൾ നടപ്പിലാക്കുകയും, നഗരപ്രദേശങ്ങളിൽ പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വിഷ വിമുക്തമായ പച്ചക്കറികൾ ലഭ്യമാക്കുന്നതിനുമായി 'ഹരിതനഗരി' എന്ന പദ്ധതികളും നടപ്പിലാക്കി വരുന്നു. ഇടുക്കി ജില്ലയിലെ വട്ടവട, കാന്തല്ലൂർ മറയൂർ, ദേവികുളം എന്നീ മേഖലകളിൽ രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ ധന സഹായത്തോടെ ശീതകാല പച്ചക്കറി വ്യാപന പദ്ധതി എസ്.എച്ച്.എം മുഖേന നടപ്പിലാക്കി വരുന്നു. പഴം പച്ചക്കറി ഉല്പന്നങ്ങൾക്ക് സംസ്ഥാന കൃഷി വകുപ്പിന്റെ സ്വന്തം ബ്രാൻഡായി "കേരള ഓർഗാനിക്" എന്ന പേരിൽ ഓർഗാനിക് പച്ചക്കറിയുടേയും പഴത്തിന്റേയും വിപണനം ഈ വർഷം വിഷുവിന് ആരംഭിക്കുന്നതാണ്.

| | | | |
|---|---|---|---|
| ബി) | പച്ചക്കറി ഉത്പാദനം വർദ്ധിപ്പിക്കുന്നതിലേക്കായി കൃഷി ഓഫീസർമാരുടെ സേവനം കൂടുതലായി പ്രയോജനപ്പെടുത്തുമോ; | ബി) & സി | പദ്ധതികളെല്ലാം കൃഷി ഓഫീസർമാർ മുഖേനയാണ് നടപ്പിലാക്കുന്നത്. പഞ്ചായത്തുകളിൽ പച്ചക്കറി കൃഷി ചെയ്യാൻ ലഭ്യമായ തരിശു ഭൂമി ഉൾപ്പെടെയുള്ള സ്ഥലങ്ങൾ കണ്ടുപിടിച്ച് കൂടുതൽ കർഷക, സന്നദ്ധ സംഘടനകൾ, റെസിഡന്റ്സ് അസോസിയേഷനുകൾ എന്നിവരെ ഉൾപ്പെടുത്തി പച്ചക്കറി കൃഷി വ്യാപിപ്പിക്കാൻ കൃഷി ഓഫീസർമാർമാരുടെ സേവനം പ്രയോജനപ്പെടുത്തുന്നുണ്ട്. |
| സി. | എങ്കിൽ വിശദാംശം അറിയിക്കുമോ ? | | |

സെക്ഷൻ ഓഫീസർ